തിരുവാതിര ഞാറ്റുവേലയും കുരുമുളക് വള്ളിയും

■ വലിയോറ വി.പി

1498- ലാണ് വാസ്കോ ഡിഗാമ കോഴിക്കോട് കാപ്പാട് തുറമുഖത്ത് കപ്പലടുപ്പിക്കുന്നത്. വ്യാപാരലക്ഷ്യം വെച്ചാണ് ഗാമ കേരളതീരത്ത് വന്നിറങ്ങുന്നത്. മലബാറിൽനിന്ന് സുഗന്ധദ്രവ്യങ്ങൾ ധാരാളമായി ശേഖരിക്കാം; അവ പോർച്ചുഗലിൽ കൊണ്ടു ചെന്നു നല്ല ലാഭത്തിനു വിൽക്കാം തുടങ്ങിയ മോഹങ്ങളാണ് ആ നാവികന്റെ ഉള്ളിലുണ്ടായിരുന്നത്.

വന്നിറങ്ങിയ ഉടനെ ഗാമ കാഴ്ചദ്രവ്യങ്ങളുമായി സാമൂതിരി രാജാവിനെ സമീപിച്ചു. കുരുമുളകും മറ്റും സമാഹരിച്ചു സൂക്ഷിക്കാനായി പാണ്ടികശാലകൾ സ്ഥാപിക്കാൻ രാജാവ് ഗാമക്ക് അനുവാദം നൽകി.

പറങ്കികൾ കുരുമുളകും മറ്റും ആവശ്യപ്പെട്ടു വന്നത് കോഴിക്കോടിനും നേട്ട

ഗാന്ധിജിയുടെ ആത്മകഥയുടെ പേര്- എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ

മായി. നാട്ടിലെ സുഗന്ധദ്രവ്യവിള ഉൽപന്നങ്ങൾക്ക് നല്ല മാർക്കറ്റ് ലഭിച്ചു.

കുരുമുളക് കൊണ്ടുപോകുന്നതിനിടെ ഒരിക്കൽ ഏതാനും കുരുമുളകു വള്ളികൾ കൂടി നാട്ടിലെത്തിക്കാൻ വാസ്കോഡ ഗാമ ആഗ്രഹിച്ചു. അതിനുള്ള അനുമതി തേടി നാവികൻ സാമൂതിരിയെ സമീപിച്ചു. വൈമനസ്യമൊന്നും പ്രകടിപ്പിക്കാതെ രാജാവ് ഗാമക്ക് അനുവാദം നൽകുകയും ചെയ്തു.

സാമൂതിരിയുടെ ഈ തീരുമാനം മന്ത്രി മങ്ങാട്ടച്ചനെ അസ്വസ്ഥനാക്കി. അദ്ദേഹം രാജാവിന്റെ അരികിൽ ചെന്ന് തന്റെയുള്ളിലെ ആകുലത വെളിപ്പെടുത്താൻ മടിച്ചില്ല. ''തിരുമേനീ, പറങ്കികൾ സ്വന്തം നാട്ടിൽ കുരുമുളക് നട്ടു കൃഷിതുടങ്ങിയാൽ അതു ഭാവിയിൽ നമുക്ക് വിനയാവില്ലേ? അവർ കുരുമുളക് വിളയിക്കാൻ തുടങ്ങിയാൽ നമ്മുടെ നാട്ടിൽ വിളയുന്ന കുരുമുളകിന് വിലയിടിവ് സംഭവിക്കുമല്ലോ!''

അതു കേട്ട് സാമൂതിരി പുഞ്ചിരിതൂകി. മങ്ങാട്ടച്ചനെ ആശ്വസിപ്പിക്കാനായി രാജാവ് പറഞ്ഞു: ''പറങ്കികൾ കുരുമുളക് വള്ളി മാത്രമല്ലേ കൊണ്ടുപോകുന്നുള്ളൂ. തിരുവാതിര ഞാറ്റുവേല കൊണ്ടുപോകാൻ അവർക്കാവില്ലല്ലോ, മങ്ങാട്ടച്ചാ...''

പോർച്ചുഗലിലെ കാലാവസ്ഥ കുരുമുളക് കൃഷിക്ക് ഒട്ടും അനുയോജ്യമല്ല എന്നായിരുന്നു രാജാവിന്റെ വാക്കുകളിലെ വ്യംഗാർത്ഥം.

തിരുവാതിര ഞാറ്റുവേലയാണു കുരുമുളകു കൃഷിക്ക് അനുയോജ്യമായ സമയം. തിരുവാതിരയിലെ തിരിമുറിയാത്ത മഴയിൽ കുരുമുളകു വള്ളി എളുപ്പം വേരുപിടിക്കുമത്രെ.

'വിരലും മുറിച്ചു നട്ടാലും തിരുവാതിര ഞാറ്റുവേലയിൽ വേരു കിളിർക്കും' എന്നൊരു ചൊല്ലും മലയാളത്തിലുണ്ട്.

കടൽക്കുതിര

ഉഷ്ണ മേഖലാ കടലുകളിൽ ജീവിക്കുന്ന കുതിരയുടെ ആകൃതിയിലുള്ള ഒരു മൽസ്യമാണ് കടൽക്കുതിര. കടൽക്കുതിരകളിൽ ആൺകുതിരകളാണ് പ്രസവിക്കുക. പെൺ കടൽക്കുതിര ആൺകടൽക്കുതിരയുടെ സഞ്ചി പോലുള്ള ശരീര ഭാഗത്ത് മുട്ടയിടുന്നു. മറ്റ് മൽസ്യങ്ങളിൽ നിന്ന് ഇവയുടെ മറ്റൊരു വ്യത്യസ്തത ഇവയ്ക്ക് തല മാത്രമായി ചലിപ്പിക്കാം.

ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനം എന്നായിരുന്നു – 1920 ആഗസ്റ്റ് 18